ശ്രീ. തോമസ് കല്ലമ്പള്ളി : മുനിസിപ്പൽ കൗൺസിലർമാർക്കുകൂടി ഒരു ഭവനനിർമ്മാണപദ്ധതി നടപ്പാക്കുമോ?

ശ്രീ. ആർ. എസ്. ഉണ്ണി : അങ്ങനെയൊരാവശ്യം ഇതുവരെ ഉന്നയിക്കപ്പെട്ടിട്ടില്ല ജനപ്രതിനിധികളായ മുനിസിപ്പൽ കൗൺസിലർമാർക്ക് സാധാരണ മറ്റു പൗരൻമാർക്കു ലഭിക്കുന്നതുപോലെ ഹൗസിംഗ് ബോർഡ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളും വായ്പാ പദ്ധതികളുമൊക്കെ ലഭിക്കാനുള്ള സാധ്യതയുണ്ട്. ഇങ്ങനെയൊരു നിർദ്ദേശം ഇതുവരെ ഉന്നയിക്കപ്പെട്ടിട്ടില്ല.

ശ്രീ. എം. കെ. കേശവൻ : മുനിസിപ്പൽ അതിർത്തിക്കുള്ളിൽ സ്വന്തമായി സ്ഥലമുള്ള ജീവനക്കാർക്ക് സ്വന്തമായി ഭവനം നിർമ്മിക്കുന്നതിനു വേണ്ടിയുള്ള സാമ്പത്തികസഹായം നൽകുന്നതിന് ഇപ്പോഴുള്ള നിയമം പര്യാപ്തമല്ലാത്തതുകൊണ്ട് പുതിയ നിയമം കൊണ്ടുവരാൻ നടപടിയെടുക്കുമോ?

ശ്രീ. ആർ. എസ്. ഉണ്ണി : ഇന്നുള്ള ചട്ടങ്ങളിൽ ചില ഭേദഗതികളും വരുത്തി പൊതുവിൽ ഒരു വ്യവസ്ഥയുണ്ടാക്കുന്നതിനെപ്പറ്റി നേരത്തെ ആലോചിച്ചിരുന്നു. പുതുതായി ഒരു നിയമം വരുന്ന അവസരത്തിൽ സാമ്പത്തികപരിമിതികളും വച്ചുനോക്കുമ്പോൾ ബുദ്ധിമുട്ടുണ്ടാകുമെന്ന് പല മുനിസിപ്പൽ കൗൺസിലർമാരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളുടേയും ജീവനക്കാരുടേയും ഗവൺമെന്റിന്റേയും സഹകരണവും പങ്കാളിത്തവുമെല്ലാം ഉൾക്കൊള്ളുന്ന ഒരു പദ്ധതിയെക്കുറിച്ചാണാലോചിച്ചുകൊണ്ടിരിക്കുന്നത്.

ഭൂപരിഷ്ക്കരണ നിയമം മൂലം ഭൂമിയും വരുമാനവും നഷ്ടപ്പെട്ട ചെറുകിട ജൻമിമാർക്ക് സഹായം

*552 [600] ശ്രീ. പി. സി. കബീർ :
,, കെ. പി. നൂറുദ്ദീൻ :
,, എം. സി. ചെറിയാൻ :
,, സിറിയക് ജോൺ :
,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂപരിഷ്ക്കരണ നിയമം മൂലം ഭൂമിയും വരുമാനവും നഷ്ടപ്പെട്ട ചെറുകിട ജൻമിമാർക്ക് എന്തെല്ലാം സഹായങ്ങളാണ് ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്;

(ബി) ഇത്തരം ചെറുകിട ജൻമിമാരെ സഹായിക്കുവാനുള്ള എന്തെങ്കിലും പരിപാടി ഇതിനകം നടപ്പിലാക്കിയിട്ടുണ്ടോ?

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ) :

(എ, ബി) ചെറുകിട ഭൂവുടമയ്ക്കു ലഭിക്കുന്ന സാന്ത്വനപ്രതിഫലത്തിന്റെ ഉയർന്ന പരിധി 500 രൂപയിൽനിന്നും 1,500 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും 5,000 രൂപ വരെ നഷ്ടപ്രതിഫലം ലഭിക്കുന്ന ചെറുകിട

LIBRARY ARCHIVES Kerala Legislative Assembly

ഭൂവുടമകളെ സാന്ത്വനപ്രതിഫലത്തിനർഹരാക്കിക്കൊണ്ടും 1981-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചെറുകിട ഭൂവുടമയ്ക്കു ലഭിക്കാനുള്ള നഷ്ടപ്രതിഫലസംഖ്യ 5,000 രൂപയിൽ കവിയുന്നില്ലെങ്കിൽ അതു തൊക്കെയായി നൽകുന്നതിന് ഭൂപരിഷ്ക്കരണനിയമത്തിൽ വ്യവസ്ഥയുണ്ട്. പ്രസ്തുത തുകയുടെ പരിധി 10,000 രൂപയായി ഉയർത്തുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. യാതൊരു ഭൂമിയും വീണ്ടെടുക്കാൻ അവകാശമില്ലാത്ത ചെറുകിട കൈവശക്കാർക്ക് മിച്ചഭൂമി പതിച്ചുകിട്ടുവാനും അർഹതയുണ്ട്.

ഭൂപരിഷ്ക്കരണനിയമം മൂലം ഭൂമി നഷ്ടപ്പെട്ട മുൻജൻമിമാരെ സഹായിക്കുന്നതിനു ചില പദ്ധതികളും ഗവൺമെൻറ്റാവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു. ഖാദി ഗ്രാമവ്യവസായ ബോർഡിൻെറ ആഭിമുഖ്യത്തിൽ നൂൽനൂൽപ്പുകേന്ദ്രങ്ങളും തുടങ്ങാനാണ് ഒരു പദ്ധതി. ഏറ്റവും ചുരുങ്ങിയത് ഇരുപതു പേർക്കെങ്കിലും തൊഴിൽ നൽകുന്നതാണ് ഓരോ കേന്ദ്രവും. ഇത്തരത്തിലുള്ള രണ്ടു നൂൽനൂൽപ്പുകേന്ദ്രങ്ങളും പാലക്കാട് തുടങ്ങിയിട്ടുണ്ട്. കന്നുകാലികളെ വങ്ങാനും ചെറുകിടവ്യവസായങ്ങളും തുടങ്ങാനും മുൻ ചെറുകിടജൻമിമാർക്ക് ധനസഹായം നൽകുന്നവയാണ് മറ്റു രണ്ടു പദ്ധതികളും. ഈ പദ്ധതികളും കേരളമൊട്ടാകെ നടപ്പാക്കാനാണുദ്ദേശിച്ചിട്ടുള്ളത്. ആദ്യപടിയായി പാലക്കാട് ജില്ലയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ശ്രീ. വി. സി. കബീർ : ഭൂമിയും പാട്ടവും നഷ്ടപ്പെട്ട് നിത്യ പട്ടിണിയിലും രോഗത്തിലും കഴിയുന്ന പഴയ ജൻമിമാർക്ക് കോടതിയിൽ പോകുന്നതിന് ഇന്നു വലിയ പ്രയാസമുണ്ട്. ഇവർക്ക് സൗജന്യ നിയമ സഹായം ചെയ്തുകൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഇതുവരെ പരിഗണിച്ചിട്ടില്ല ആലോചിച്ചശേഷമേ ഉത്തരം പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. സി. കബീർ : ഭൂമി നഷ്ടപ്പെട്ട് യാതനയിൽ കഴിയുന്ന നാമമാത്ര ജൻമിമാരുടെ മക്കൾക്ക് സർക്കാർ ജോലിയിൽ മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ : അതിപ്പോൾ തൽക്കാലം നിവൃത്തിയില്ല.

ശ്രീ. സി. എം. സുന്ദരം : വെട്ടിപ്പും തട്ടിപ്പും ഒന്നുമറിയാതെ ഗായത്രിജപവും ദേവാലയത്തിൽ പൂജാകർമ്മാദികളുമൊക്കെ നടത്തുന്ന നമ്പൂതിരിമാരും ബ്രാഹ്മണരുമൊക്കെ ഭൂപരിഷ്ക്കരണംമൂലം ഭൂമി നഷ്ടപ്പെട്ടവരും കഷ്ടതയനുഭവിക്കുന്നവരുമാണ്. അവർക്ക് ഒരു പെൻഷൻപദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഇതുവരെ ആലോചിച്ചിട്ടില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : കുടിയാൻെറ കൈവശം കൂടുതൽ ഭൂമിയും ജൻമിയുടെ കൈവശം കുറച്ചു ഭൂമിയുമാണുള്ളതെങ്കിലും അവരെ ചെറുകിട ജൻമിയായി അംഗീകരിക്കുന്നില്ല. അതുകൊണ്ട് ചെറുകിട ജൻമി എന്ന നിർവചനത്തിൽ മാറ്റം വരുത്തുന്ന കാര്യം ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഇപ്പോൾ ആലോചിച്ചിട്ടില്ല.

തങ്കശ്ശേരിയിലും തോട്ടപ്പള്ളിയിലും മിനി ഫിഷിംഗ് ഹാർബർ

* 553 [601] ശ്രീ. പി. കെ. ചന്ദ്രാനന്ദൻ:

,, സി. പി. മൂസ്സാൻകുട്ടി:

,, ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും മൽസ്യബന്ധനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കശ്ശേരിയിലും തോട്ടപ്പള്ളിയിലും മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവയുടെ പണികൾ എന്നത്തേക്ക് ആരംഭിക്കും;

(സി) ഇവയ്ക്ക് എന്തു തുക ചെലവാകുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി, സി) വിശദമായ അന്വേഷണ ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവ പൂർത്തിയായതിനുശേഷമേ ഈ ഹാർബറുകളുടെ പണി എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും എന്ത് തുക ചെലവാകുമെന്നും പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. കെ. ചന്ദ്രാനന്ദൻ; ഉംനാടൻ ഫിഷിംഗ് ഹാർബറുകൾ നടപ്പിലാകുമ്പോൾ എന്തെല്ലാം സൗകര്യങ്ങളാണ് മൽസ്യബന്ധനം സംബന്ധിച്ച് അവിടെ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: മൽസ്യബന്ധനയൂണിറ്റുകൾക്ക് താവളമടിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുക, ബാർജ്ജുകൾ പണിയുക, ഓക്ഷൻ ഹോൾ ഉണ്ടാക്കുക തുടങ്ങി മൽസ്യബന്ധനത്തിനും വിപണനത്തിനും ഉള്ള എല്ലാ സൗകര്യങ്ങളും ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. കെ. ചന്ദ്രാനന്ദൻ: ചില നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്തെല്ലാം കാര്യങ്ങൾ ഇതു സംബന്ധിച്ച് തങ്കശ്ശേരിയിലും തോട്ടപ്പള്ളിയിലും സ്വീകരിച്ചിട്ടുണ്ട് എന്നും, അതിന്റെ പ്രാരംഭപണികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ സ്ഥലങ്ങളിൽ വിശദമായ അന്വേഷണ ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അന്വേഷണ ഗവേഷണങ്ങൾ വിശദമായി നടത്തുവാൻ സാധാരണഗതിയിൽ രണ്ടുമൂന്നു വർഷങ്ങൾ പിടിക്കും. അതിനുശേഷം മാത്രമേ എന്നത്തേക്ക് പണിയാരംഭിക്കുവാൻ കഴിയുമെന്ന് പറയാൻ സാധിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly